(സി) 3-11-1999-ന് 11.30 മണിക്ക് പരാതി ലഭിക്കുകയും 11.45ന് പോലീസ് കോളേജിൽ എത്തി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(ഡി&എഫ്) മതിലിടിച്ചതിന് ക്രൈം നമ്പർ 443/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രിൻസിപ്പാളിനെ പരിക്കേൽപ്പിച്ചതിന് ക്രൈം നമ്പർ 438/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റെനിൽ, സന്തോഷ്, മറ്റ് കണ്ടാലറിയാവുന്ന 10-ഓളം വിദ്യാർത്ഥികൾ ഈ കേസ്സിൽ പ്രതികളാണ്. കേസ് അന്വേഷണം നടന്നുവരുന്നു.

ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പനെ മർദ്ദിച്ച സംഭവം

88 (88) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997 ഡിസംബർ മാസം 11-ാം തീയതി രാത്രി ഒരു മണിയോടുകൂടി തിരുനന്തപുരം ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പനെ ശംഖുംമുഖം പോലീസ് കസ്റ്റഡിയിലെടുക്കുകയും പിന്നീട് മ്യൂസിയം പോലീസ് സ്റ്റേഷന് കൈമാറുകയും അവിടെവച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ആരെല്ലാം ചേർന്നാണ് അദ്ദേഹത്തെ മർദ്ദിച്ചതെന്ന് അറിയിക്കുമോ ;

(സി) ഇതോടനുബന്ധിച്ച് അന്വേഷണം നടത്തുവാൻ ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; എന്താണ് ഈ അന്വേഷണം നടത്തുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയത് ;

(ഡി) ശാന്തപ്പനെ മർദ്ദിച്ചവരിൽ ആരുടെയെല്ലാം പേരിലുള്ള അന്വേഷണം പൂർത്തിയാക്കി ;

(ഇ) ബാക്കിയുള്ളവരെ സംബന്ധിച്ച് അന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ;

(എഫ്) ഈ കേസ് സംബന്ധിച്ച അന്വേഷണം വിനാവിളംബം പൂർത്തിയാക്കി കുറ്റക്കാരുടെ മേൽ നടപടിയെടുക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-സി) കേസന്വേഷണം തിരുവനന്തപുരം എ.സി. ക്രൈം ഡിറ്റാച്ച്മെന്റിനെ 1-1-1998-ൽ ചുമതലപ്പെടുത്തി.

(ഡി) കേസ് അന്വേഷണത്തിലാണ്.

(ഇ&എഫ്) അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി മേൽനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന പോലീസ് സേനാംഗങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്സുകൾ

89 (89) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly